(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) എല്ലാ പ്രസിദ്ധീകരണങ്ങളും എം. എൽ. എ.-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. (പോസ്റ്ററുകൾ ഒഴികെ)

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പി. ആർ. ഡി.-യുടെ എല്ലാ പ്രസിദ്ധീകരണങ്ങളും എം. എൽ. എ.-മാർക്ക് ലഭ്യമാക്കുന്നുണ്ട്.

ജനകീയാസൂത്രണ പദ്ധതിക്ക് വിദേശ ഫണ്ട്

121 [122] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വിദേശ ഫണ്ട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വിദേശ ഏജൻസിയിൽനിന്ന് എത്ര തുക ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ചെലവായ പദ്ധതി വിഹിതം

122 [123] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപ്പു സാമ്പത്തിക വർഷത്തിൽ 30-11-2003 വരെ ത്രിതല പഞ്ചായത്തുകൾ ചെലവാക്കിയ പദ്ധതി വിഹിതത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ .. 26.46%

ബ്ലോക്കു പഞ്ചായത്തുകൾ .. 26.62%

ജില്ലാ പഞ്ചായത്തുകൾ .. 16.95%

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായം

123 [124] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തികവർഷത്തിൽ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ഓരോന്നിനും എത്ര വീതം നൽകി എന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് എന്ന് വെളിപ്പെടുത്താമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനിയെന്തു തുക നൽകാൻ ബാക്കിയുണ്ട്;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥപാനങ്ങൾക്ക് നൽകിയ തുക ചെലവഴിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിവിഹിതമായി ഡിസംബർ 2003-വരെ 9 മാസ ഗഡുക്കളായി 98341.83 ലക്ഷം രൂപാ നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്തുകൾ .. 13790.05 ലക്ഷം രൂപ
2. ബ്ലോക്കു പഞ്ചായത്തുകൾ .. 13417.73 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly